## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5818 05.07.2013 - ൽ മറുപടിക്ക്**

# കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. തോമസ് ചാണ്ടി** | : | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കുട്ടനാട്ടിലെ പടഹാരം പാലം നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | | (എ) പ്രസ്തുത പാലം നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ബി) തുക അനുവദിച്ച മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം, കൈനകരി പഞ്ചായത്തിലെ മുണ്ടയ്ക്കൽ പാലം എന്നിവയുടെ ലാന്റ് അക്വിസിഷന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | | (ബി) 1) മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം ഉടമകളുടെ വിവരങ്ങൾ കുട്ടനാട് തഹസിൽദാർക്ക് വെരിഫിക്കേഷൻ നടത്തുന്നതിനായി നൽകിയിട്ടുണ്ട്.<br><br>2) മുണ്ടയ്ക്കൽ പാലത്തിന്റെ അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. റവന്യൂ വിഭാഗം സ്ഥലം പരിശോധിച്ച് നോട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. |
| (സി) | തട്ടാശ്ശേരി പാലം, മുട്ടേൽ പാലം എന്നിവയുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | 1) തട്ടാശ്ശേരി പാലത്തിന്റെ മണ്ണ് പരിശോധന നടത്തുന്നതിനുള്ള പ്രവർത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.<br>2) മുട്ടേൽ പാലത്തിന്റെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ